## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3057. — 20.06.2014-ൽ മറുപടിയ്ക്ക്

## വിവര പൊതുജന സമ്പർക്ക വകുപ്പിൽ നിയമന നിരോധനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും, സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) വിവര പൊതുജന സമ്പർക്ക വകുപ്പിൽ നിയമന നിരോധനം നിലവിലുണ്ടോ ; | (എ) ഇല്ല. |
| (ബി) അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാരുടെ റാങ്ക്ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകി ; റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും ; | (ബി) 22 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി സംബന്ധിച്ച വിവരം വകുപ്പിൽ ലഭ്യമല്ല. |
| (സി) എത്ര അസിസ്റ്റന്റ് എഡിറ്റർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ട് ; നിലവിലുള്ള അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാരിൽ നിന്ന് എത്ര പേർക്ക് അസിസ്റ്റന്റ് എഡിറ്റർമാരായി സ്ഥാനക്കയറ്റം നൽകി ; നൽകിയില്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (സി) അസിസ്റ്റന്റ് എഡിറ്റർമാരുടെ 17 തസ്തികകളിൽ നിലവിൽ ഒഴിവുകളുണ്ട്. നിലവിലുള്ള അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാരുടെ പ്രൊബേഷൻ പൂർത്തീകരിച്ച് ഉത്തരവാകാത്തതിനാൽ അസിസ്റ്റന്റ് എഡിറ്റർമാരായി സ്ഥാനക്കയറ്റം നൽകാനായിട്ടില്ല. |
| (ഡി) സെക്രട്ടേറിയറ്റിൽ നിന്നും മറ്റുമായി എത്ര പേർ അസിസ്റ്റന്റ് എഡിറ്റർ തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷനിലും കരാർ അടിസ്ഥാനത്തിലും ജോലി ചെയ്യുന്നുണ്ട് ; വിശദാംശം നൽകുമോ ? | (ഡി) സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ നിന്നും 4 പേർ ഡെപ്യൂട്ടേഷനിലും, 4 പേർ ദിവസവേതനാടിസ്ഥാനത്തിലും വകുപ്പിൽ അസിസ്റ്റന്റ് എഡിറ്റർ തസ്തികയിൽ ജോലി ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.